# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

## ഡീംഡ് ലൈസൻസ് ലഭിച്ച സാഹചര്യം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3435 08.11.19- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.എ.പി. അനിൽ കുമാർ | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | വ്യവസായ നിക്ഷേപങ്ങൾക്ക് അനുമതി നൽകുന്ന കെ-സ്വിഫ്റ്റ് പോർട്ടലിൽ ഓൺലൈനായി വ്യാവസായിക കെട്ടിട നിർമ്മാണങ്ങൾക്ക് നൽകിയ അപേക്ഷയിൽ കാലതാമസം വരുത്തി ഡീംഡ് ലൈസൻസ് ലഭിക്കുന്നതിന് സംസ്ഥാനത്ത് പല കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും അവസരമൊരുക്കി എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കെ-സ്വിഫ്റ്റ് ആപ്ലിക്കേഷൻ മുഖേന ലഭിക്കുന്ന അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് മതിയായ പരിശീലനം ലഭിക്കാതിരുന്ന സാഹചര്യത്തിൽ കെ-സ്വിഫ്റ്റ് ആപ്ലിക്കേഷൻ പ്രവർത്തനക്ഷമമായ തുടക്ക ഘട്ടത്തിൽ അപേക്ഷകർക്ക് കൽപ്പിത അനുമതി ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിനകം എത്ര അപേക്ഷകളിൽ ഡീംഡ് അനുമതി ലഭിക്കുകയുണ്ടായി; | (ബി) | ഗ്രാമപഞ്ചായത്തുകളിൽ ലഭിച്ച 90 അപേക്ഷകളിലും, നഗരസഭകളിൽ ലഭിച്ച 28 അപേക്ഷകളിലും ഡീംഡ് അനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നഗരസഭാ സെക്രട്ടറിമാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക്; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. 56 ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും 11 നഗരസഭ സെക്രട്ടറിമാർക്കും കാരണം കാണിക്കൽ നോട്ടീസ് നൽകി നടപടി സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ